കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പരപ്പനങ്ങാടി നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം 25/444/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 02/06/2020

സിനീയർ ഡെപ്യൂട്ടി ഡയറക്ടർ
ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പരപ്പനങ്ങാടി നഗരസഭ

സർ,

വിഷയം : പരപ്പനങ്ങാടി നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15 എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്(ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

എം.എ).6/2020

നം.കെ.എസ്.എ-എം.പി.എം 25/444/2020 തിയ്യതി: 02/06/2020

# **മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് **295(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 08.03.2019 മുതൽ 18.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജഹാൻ. എ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.02.2020 മുതൽ 29.02.2020 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. മുഹമ്മദ് അലി എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ് പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ | ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ**

**ചെയർമാൻ / ചെയർപേഴ്സൺ**

| | |
|---|---|
| ശ്രീമതി. ജമീല ടീച്ചർ | 01.04.2018 മുതൽ 31.03.2019വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീമതി ജെസ്സിമോൾ പി.വി, സൂപ്രണ്ട്<br>(അധിക ചുമതല) | 01.04.2018 മുതൽ 01.07.2018 വരെ |
| ശ്രീ. വിശ്വനാഥൻ കെ.ബി | 02.07.2018 മുതൽ 31.03.2019 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. അബീന | 01.04.2018 മുതൽ 06.06.2018 വരെ<br>(07.06.2018-16.06.2018വരെ ഒഴിവ്) |
| | ഡോ.കെ.വി.മുരളി | 17.06.18മുതൽ19.07.18വരെ |
| | ഡോ.ജോജു ജോൺ | 20.07.18 മുതൽ 16.09.18 വരെ |

| | | |
|---|---|---|
| | ഡോ. മുഹമ്മദ് ഫവാസ് | 17.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഹഫ്സത്ത് അടാട്ടിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റസീന കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. സുജാത കെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.മുഹമ്മദ് അക്ബർ | 01.04.2018 മുതൽ 31.03.2019 വരെ |
| യു.പി.എ.സി പ്രൊജക്ട് ഓഫീസർ | ശ്രീ വിൻസെന്റ് സി.എ | 01.04.2018 മുതൽ 21.07.2018 വരെ (22.07.18-09.08.18 ഒഴിവ്) |
| | ശ്രീ.സന്തോഷ് എം | 10.08.2018 മുതൽ 13.02.2019 വരെ (14.02.19-15.02.19 ഒഴിവ്) |
| | ശ്രീ.സജു മാർട്ടിൻ | 16.02.2019 മുതൽ 31.03.2019 വരെ |
| മുനി.എഞ്ചിനീയർ | ശ്രീ കെ ഉമ്മർ | 01.04.2018 മുതൽ 08.06.2018 വരെ (09.06.18-10.06.18 ഒഴിവ്) |
| | ശ്രീ.നന്ദകുമാർ പി | 11.06.2018 മുതൽ 09.07.2018 വരെ |
| | ശ്രീമതി നസ്രീൻ എസ് | 10.07.2018 മുതൽ 19.10.2018 വരെ |
| | ശ്രീ.ബിജു എം.കെ | 20.10.2018 മുതൽ 18.12.2018 വരെ |
| | ശ്രീമതി നസ്രീൻ | 19.12.2018 മുതൽ 05.01.2019FN വരെ |
| | ശ്രീ ഹുമയൂൺ കബീർ | 05.01.2019AN മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുവർണ്ണ ശ്യാം കെ.ടി | 01.04.2018 മുതൽ 18.09.2018 വരെ |
| | ശ്രീമതി നിനു രവീന്ദ്രനാഥ് | 19.09.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ.വിൻസെന്റ് സി.എം | 01.04.2018 മുതൽ 21.07.2018 വരെ (22.07.18-09.08.18 ഒഴിവ്) |
| | ശ്രീ.സന്തോഷ് എം | 10.08.2018 മുതൽ 13.02.2018 വരെ |
| | ശ്രീ.സജു | 16.02.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.വിജയൻ എൻ | 01.04.2018 മുതൽ 22.01.2019 വരെ |
| | ശ്രീ.ബാബുരാജ്, പെറ്റിയാർഡ് | 05.02.2019 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| | ഓഫീസർ (ഇൻ ചാർജ്ജ്) | |
| ഹെഡ്മിസ്ട്രസ് | ശ്രീമതി ശ്രീകല | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം I പൊതു അവലോകനം** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | സാമ്പത്തിക വിശകലനം | 1-3 | |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 | |
| 5 | പദ്ധതി അവലോകനം. | 1-5 | |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 | |
| 7 | ക്ഷേമപദ്ധതികൾ | 1-7 | |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 | |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 | |
| 12 | രസീത് ബുക്ക് സ്റ്റോക്ക്, ഉപയോഗം -അപാകതകൾ | 1-12 | |
| 13 | വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് -അപാകതകൾ | 1-13 | |
| 14 | തൊഴിൽ നികുതി-അപാകതകൾ | 1- 14 | |
| 15 | ലേല തുകയും കുടിശ്ശികയും പിരിച്ചെടുത്തിട്ടില്ല | 1-15 | |
| 16 | വാടകയും കുടിശ്ശികയും പിരിച്ചെടുക്കുന്നില്ല – ഗുരുതരമായ വീഴ്ച | 1-16 | |
| 17 | കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ വ്യാപാരങ്ങൾക്ക് ലൈസൻസ് അനുവദിച്ചു | 1-17 | |
| 18 | വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തില്ല. | 1-18 | |
| 19 | മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കാത്ത തിയേറ്റർ | 1-19 | |

| | | | |
|---|---|---|---|
| | കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | | |
| 20 | വിവിധ പ്രൊജക്ടുകളിലായി നിക്ഷേപിച്ച തുകകൾ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-20 | |
| 21 | പ്രൊജക്ട് നിർവ്വഹണം - നിയമാനുസൃത വിഹിതങ്ങൾ ഈടാക്കിയില്ല | 1-21 | |
| 22 | മുൻകൂർ തുകകൾ - ക്രമീകരണ വിവരം ലഭ്യമല്ല | 1-22 | |
| 23 | സമയപരിധി കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ് | 1-23 | |
| 24 | ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന - തൊഴിലാളികളുടെ വേതനത്തിൽ നിന്ന് തുക കുറവ് ചെയ്തില്ല | 1-24 | |
| 25 | പെൻഷൻ അംശദാനം - അർഹമായ നിരക്കിൽ അടവാക്കുന്നില്ല | 1-25 | |
| 26 | ശമ്പള പരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ അംശദാനംഅടവാക്കിയില്ല | 1-26 | |
| 27 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ നൽകൽ- അപാകതകൾ | 1-27 | |
| 28 | മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ്,ഡിങ്കി സബ്സിഡി അപാകതകൾ | 1-28 | |
| 29 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ് | 1-29 | |
| 30 | ചാലിത്തറ അംഗൻവാടി തൊഴിൽ പരിശീലന കേന്ദ്രം നാളിതുവരേയും പ്രവർത്തനമാരംഭിച്ചില്ല | 1-30 | |
| 31 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് കുറവു ചെയ്തില്ല | 1-31 | |
| 32 | പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു അവലോകനം | 1-32 | |
| **ഭാഗം II വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | | | |
| | ഇല്ല | | |
| **ഭാഗം III ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന** | | | |

| | | | |
|---|---|---|---|
| ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| | ഇല്ല | | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 | |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-5 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-6 | |
| 39 | ഓഡിറ്റ് റിക്കവറി | 4-7 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 | |
| 41 | ചാർജ്ജ്/സർചാർജ്ജുകളുടെ വിവരം | 4-9 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 | |
| 44 | അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയതീരുമാന നമ്പർ./ തിയ്യതി | ( പുതുക്കിയത്)തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1/27.03.2018 | -- |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2019 | 12.07.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,59,52,798 |
| വരവ് | 19,86,00,329 |
| | 23,45,53,127 |

| | |
|---|---|
| ആകെ | |
| ചെലവ് | 13,74,83,527 |
| നീക്കിയിരിപ്പ് | 9,70,69,600 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | -- | 3,23,56,070 | 3,23,56,070 | 3,17,17,414 | 6,38,656 |
| വികസന ഫണ്ട് (എസ്.സി.പി) | -- | 1,45,40,000 | 1,45,40,000 | 83,43,248 | 61,96,752 |
| വികസനഫണ്ട്(ടി.എസ്.പി) | -- | 2,80,000 | 2,80,000 | 2,80,000 | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | -- | 17,63,000 | 17,63,000 | 17,63,000 | -- |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | -- | 62,52,000 | 62,52,000 | 37,34,586 | 25,17,414 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | -- | 1,77,48,710 | 1,77,48,710 | 1,29,38,044 | 48,10,666 |
| കനറാ ബാങ്ക് NULM | 4,64,581 | 22,53,226 | 27,17,807 | 13,84,014 | 13,33,793 |
| തണൽ | 64,989 | 2,304 | 67,293 | -- | 67,293 |
| സ്വച്ഛഭാരത് | 1,39,631 | 1,28,76,693 | 1,30,16,324 | 5,27,700 | 1,24,88,624 |
| തനതു ഫണ്ട് | 2,38,17,747 | 7,00,76,063 | 9,38,93,810 | 6,32,77,878 | 3,06,15,932 |
| MPA LDS | -- | 12,40,408 | 12,40,408 | 12,37,638 | 2,770 |
| PMAY | 55,43,526 | 5,81,88,393 | 6,37,31,919 | 1,87,30,118 | 4,50,01,801 |
| ജലനിധി | 7,38,184 | 26,178 | 7,64,362 | -- | 7,64,362 |
| SSA | 9,568 | 339 | 9,907 | -- | 9,907 |
| സാനിറ്റേഷൻ | 17,218 | 611 | 17,829 | -- | 17,829 |
| NAOP | 32,011 | -- | 32,011 | -- | 32,011 |
| AUGES | 33,87,178 | 73,38,357 | 1,07,25,535 | 54,30,138 | 52,95,397 |
| Hariyali | 3,099 | 112 | 3,211 | -- | 3,211 |

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 459 | 23,71,60,043 | 248 | 8,31,99,305 | -- | 211 | 54.03 |
| പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ : ഇല്ല | | | | | | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 33,87,178 | 73,38,357 | 1,07,25,535 | 54,30,138 | 52,95,397 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (ഇ എഫ് എം എസ്) | - | - | - | - | - |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98,880 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 38,30,400 | 1,274 |
| വിധവാപെൻഷൻ | 3,25,34,900 | 10,332 |
| വാർദ്ധക്യകാലപെൻഷൻ | 3,77,71,200 | 12,630 |
| വികലാംഗപെൻഷൻ | 96,86,900 | 3,074 |
| വിവാഹധനസഹായം | 15,90,000 | 21 |
| 50 വയസിനുമുകളിൽ അവിവാഹിത സ്ത്രീ പെൻഷൻ | 19,37,800 | 602 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 163267/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

രശീതി പുസ്തകങ്ങളുടെ ഉപയോഗക്രമവും മേൽനോട്ട സംവിധാനവും തൃപ്തികരമല്ല (വിശദ വിവരത്തിന് ഖ. 1-12 കാണുക). ലേലം, ഷോപ്പിംങ് കോംപ്ലക്സ് വാടക, മത്സ്യമാർക്കറ്റ് പിരിവ്, തുടങ്ങിയ വരവിനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമതയില്ലായ്മ, ജീവനക്കാരുടെയും ധനകാര്യസ്റ്റാന്റിംങ് കമ്മിറ്റിയുടെയും ഭാഗത്തുള്ള വീഴ്ചയാണ്. പദ്ധതി അടങ്കലായ 23,71,60,043 രൂപയിൽ 8,31,99,305 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളു (35.08%) എന്നത് പദ്ധതി നിർവഹണത്തിലെ പോരായ്മയായി കണക്കാക്കാവുന്നതാണ്. തൊഴിലുറപ്പു പദ്ധതിയ്ക്കായി 2 ബാങ്ക് അക്കൗണ്ട്(SBI,CANARA BANK) നില നിർത്തുന്നത് ഒറ്റ അക്കൗണ്ടാക്കി മാറ്റാൻ നടപടി സ്വീകരിയേക്കണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.19 മുതൽ 26.10.19 വരെ | 2018-19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.18 | 2016-17 | 12.07.18 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തുകയോ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകൾക്ക് ആധാരമാക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2.ട്രയൽ ബാലൻസ് പ്രകാരം Excess of income over expenditure ക്ലോസിംഗ് ബാലൻസ് 24009280.90 ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി1 ഷെഡ്യൂൾ പ്രകാരം ആയത് 12455192 ആണ്.

3. ട്രയൽ ബാലൻസ് പ്രകാരം General Fund ക്ലോസിംഗ് ബാലൻസ് 3048539.30 ആണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി1 .ഷെഡ്യൂൾ പ്രകാരം ആയത് 27057820 ആണ്.
4. ഷെഡ്യൂൾ പ്രകാരം വസ്തുനികുതി, വാടക എന്നീ ഇനങ്ങൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല.
5.AUEGS ന്റെ പേരിലുള്ള Canara Bank അക്കൗണ്ടിന്റെ 31.03.19ലെ പത്രിക പ്രകാരം Directly credited by bank എന്ന ഇനത്തിൽ 10.01.19 (NEFT rtn) 1380രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഫെബ്രുവരിയിൽ തന്നെ വരവ് വെച്ച് reconciliation പത്രികയിൽനിന്ന് ഒഴിവാക്കേണ്ടതായിരുന്നു. പ്രതിമാസം ചെയ്യേണ്ട മാസാന്ത്യ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.
6.SBT പരപ്പനങ്ങാടി NOAP എന്ന ബാങ്ക് അക്കൗണ്ടിന്റെ ക്ലോസിംങ് ബാലൻസ് എ.എഫ്.എസ് പ്രകാരം 32011 രൂപയാണ്. എന്നാൽ reconciliation പത്രിക, ബാങ്ക് ക്ലോസിംങ് ബാലൻസ് പത്രിക എന്നിവ പ്രകാരം ആയത് 30831 മാത്രമാണ്. 1180 രൂപ അക്കൗണ്ട് പരിപാലിക്കാൻ ബാങ്ക് ഈടാക്കിയിട്ടുണ്ട്. ഇടപാടുകൾ നടത്താത്ത ഇത്തരം അക്കൗണ്ടുകൾ ക്ലോസ് ചെയ്യാത്തതുമൂലം സ്ഥാപനത്തിന് പണനഷ്ടം സംഭവിക്കുന്നു.
7.ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല.
8.ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.
9.ഷെഡ്യൂളിലെ തുകകളുമായി ഒത്തുനോക്കാവുന്ന തരത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
10.ലോൺ രജിസ്റ്ററിലെ വിവരങ്ങൾ ബി-5 ഷെഡ്യൂളിലെ തുകകളിൽനിന്നും വ്യത്യസ്തമാണ്.
11.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
12.സഞ്ചയ സോഫ്റ്റ് വെയറിൽനിന്ന് ലഭ്യമാക്കിയ വസ്തുനികുതി സംബന്ധിച്ച പത്രികയിലെ ഡിമാന്റ്, നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|---|
| ഡിമാന്റ് | തൻവർഷം | 13845673 | 15935114 |
| | കുടിശ്ശിക | 21426497 | 23971937 |
| ബാലൻസ് | തൻവർഷം | 7613425 | 7841209 |
| | കുടിശ്ശിക | 14678486 | 1751846 |

13.ബാലൻസ് ഷീറ്റിലെ ബി-14 പ്രകാരം സ്റ്റോറിന്റെ ക്ലോസിംങ് സ്റ്റോക്ക് 31351/-രൂപയാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ അതിനനുസരിച്ച് വാല്യൂ ബേസിഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.
14. 2017-18 വർഷത്തെ എ.എഫ്.എസ് ലെ അപാകതകൾ (2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ. 1-12) പരിഹരിച്ചതിന്റെ മുഴുവൻ വിവരവും ലഭ്യമാക്കിയിട്ടില്ല.

## 1-12 രസീത് ബുക്ക് സ്റ്റോക്ക്, ഉപയോഗം -അപാകതകൾ

08.03.2019 മുതൽ പിരിവിന് ഉപയോഗിച്ച രസീത് ബുക്കുകളും ആയതിന്റെ സ്റ്റോക്കും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രസീത് ബുക്ക് നമ്പർ 23, 24 എന്നിവ കൈപ്പറ്റിയവരുടെ പേര്, ഒപ്പ്, മറ്റ് വിവരങ്ങൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ചുവടെ ചേർത്ത രസീത് ബുക്കുകളിൽ/രസീതുകളിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചില്ല.

| രസീത് ബുക്ക് നമ്പർ | ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാത്ത രസീതുകൾ |
|---|---|
| 11 | 1069 മുതൽ 1100 വരെ ( എല്ലാം) |
| 12 | 1101 മുതൽ 1200 വരെ ( എല്ലാം) |
| 13 | 1201 മുതൽ 1243 വരെ (ഉപയോഗിച്ചവ എല്ലാം) |
| 14 | 1301 മുതൽ 1341 വരെ. |
| 16 | 1501 മുതൽ 1546 വരെ . |
| 17 | 1632 മുതൽ 1700 വരെ. |
| 18 | 1701 മുതൽ 1800 വരെ ( എല്ലാം) |

| | |
|---|---|
| 19 | 1801 മുതൽ 1828 വരെ(ഉപയോഗിച്ചവ എല്ലാം). |
| 23 | 2201 മുതൽ 2300 വരെ ( എല്ലാം) |
| 24 | 2301 മുതൽ 2319 വരെ ( ഉപയോഗിച്ചവ എല്ലാം) |

3. രസീത് ബുക്ക് നമ്പർ 13ൽ രസീത് നം.1244 മുതൽ 1300 വരെയും, 19ൽ രസീത് നം.1829 മുതൽ 1900 വരെയുമുള്ള രസീതുകൾ കാൻസൽ ചെയ്തിട്ടില്ല/ അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ ബുക്ക് ഉപയോഗത്തിനെടുത്തിട്ടും മേൽ രസീതുകൾ കാൻസൽ ചെയ്തില്ല.

4. രസീത് ബുക്ക് നമ്പർ 20 ഉപയോഗിക്കാതെ ആയതിന് മുകളിൽ 'Cancelled' എന്ന് രേഖപ്പെടുത്തി രസീത് ബുക്ക് നമ്പർ 21 ഉപയോഗത്തിനെടുത്തു.

5. രസീത് ബുക്ക് നമ്പർ 15, 19 എന്നിവയിൽ പേജ് സാക്ഷ്യപ്പെടുത്തൽ ചെയ്തിട്ടില്ല.

മേൽ അപാകതകൾ രസീതുകളുടെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. ആയതിനാൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.02/25.02.2020 ന് സെക്രട്ടറി 29-02-20ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്നും മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചു. അപാകതകൾ പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് അനുവദിക്കൽ -അപാകതകൾ

### 1) ലൈസൻസ് ഫീസ് നിർണ്ണയം/ഈടാക്കൽ - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ വ്യാപാരങ്ങൾക്കുള്ള ലൈസൻസ് അപേക്ഷകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ അപേക്ഷകരിൽ നിന്നും 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികകൾ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല. മുനിസിപ്പാലിറ്റി പരിധിയിലെ സ്ഥാപനങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് നിരക്കിലുള്ള ഫീസ് ഈടാക്കിയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിക്കുന്നതിന്റെ മുൻപായി ചട്ടം 4ൽ പരാമർശിച്ച പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതും പരസ്യം ചെയ്യാവുന്നതുമാണ്. ഇപ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം ,വ്യാപാരത്തിന്റെ സ്വഭാവം, വ്യാപാരത്തിന്റെ തോത്, മുതൽ മുടക്ക് എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപാരത്തേയും എ, ബി, സി എന്നീ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടം 8ൽ പരാമർശിച്ചതും പട്ടിക I, II പ്രകാരമുള്ളതുമായ ലൈസൻസ് ഫീസ് ചുമത്താവുന്നതും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നാലുടൻ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

എന്നാൽ മുനിസിപ്പാലിറ്റി ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ച് തുടങ്ങിയത് 23.12.19നാണ് എന്നത് ഫയൽ കുറിപ്പുകളിൽ നിന്നും വ്യക്തമാണ് . ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം യഥാസമയം പുറപ്പെടുവിയ്ക്കാതിരുന്നത് ചട്ടലംഘനവും നഗരസഭയുടെ വരവിൽ നഷ്ടം സംഭവിക്കാൻ കാരണവുമായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 04/25.02.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ , പുതിയ ഷെഡ്യൂൾ തയ്യാറാക്കിയതായും 2019-20 മുതൽ ആയത് പ്രകാരം മുനിസിപ്പാലിറ്റി നിയമപ്രകാരമുള്ള ലൈസൻസ് ഫീസുകളാണ് ഈടാക്കുന്നത് എന്നും അറിയിച്ചു. ഫയൽ പ്രകാരം 23.12.19നാണ് പുതിയ ഷെഡ്യൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എന്നതിനാലും ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എന്നതിനാലും മേൽ

മറുപടി പൂർണ്ണമായും അംഗീകരിക്കാവുന്നതല്ല. ചട്ടപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**2)റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു.**

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടികII ൽ ക്രമ നമ്പർ 54പ്രകാരം റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നല്കുവാൻ നഗരസഭകൾക്ക് അധികാരമുണ്ട്. എന്നാൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഒന്നും തന്നെ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല, ലൈസൻസ് രജിസ്റ്ററിൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ഒരു റേഷൻ കടയെ സംബന്ധിച്ചുള്ള വിവരം മാത്രമാണ് ഉൾപ്പെടുത്തിയത്. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 04/25.02.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ , 2019-20 മുതൽ റേഷൻ കടകൾ ലൈസൻസ് എടുത്ത് വരുന്നതായി അറിയിച്ചു. നഗരസഭ പരിധിയിലെ എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകിയും, തൊഴിൽ നികുതി ഈടാക്കിയും വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി-അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 205 പ്രകാരമുള്ള തൊഴിൽ നികുതിയുടെ 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. രേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല**

തൊഴിൽ നികുതി രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. തൻ വർഷം ലഭിച്ച തൊഴിൽ നികുതി റിട്ടേണുകൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ/ ജീവനക്കാരുടെ തസ്തികയും വേതന വിവരവും രേഖപ്പെടുത്തിയിട്ടില്ല. ചില പേജുകളിൽ നികുതി അടവാക്കിയ രസീതിന്റെ നമ്പറുകൾ ചേർക്കാത്തതായും കണ്ടു.

ശരിയായ രീതിയിൽ തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും തൊഴിൽ നികുതി റിട്ടേണുകൾ പൂർണ്ണമായും ഹാജരാക്കാത്തതിനാലും നഗരസഭ പരിധിയിലെ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ തൊഴിലാളികളും നികുതി ഒടുക്കിയിട്ടുണ്ടോ എന്നതും തൊഴിൽ നികുതിയിനത്തിലുള്ള വരവിന്റെ കൃത്യതയും പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചില്ല.

**2) വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഡി.ആന്റ് ഒ. രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ നഗര സഭയിൽ 1077 ട്രേഡിംഗ് സ്ഥാപനങ്ങളുണ്ട് (സപ്ലിമെന്ററി രജിസ്റ്റർ ഉൾപ്പടെ), അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ, തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള 22 ട്രേഡിംഗ് സ്ഥാപനങ്ങൾ ഒഴികെയുള്ളവയിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച (GO(P) No.149/2016/LBR dt. 3-9-2016) മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയാണ്. അത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ആയതിനാൽ ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപയാണ്. ഒരു സ്ഥാപനത്തിൽ കുറഞ്ഞത് ഒരു ജീവനക്കാരനെങ്കിലും ജോലി ചെയ്യുന്നു എന്ന് കണക്കാക്കിയാൽ തന്നെ, ആകെയുള്ള 1077 സ്ഥാപനങ്ങളിൽ 22 എണ്ണം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടത് ഒഴിവാക്കിയാൽ ശേഷിക്കുന്ന 1055 സ്ഥാപനങ്ങളിലെയും ഓരോ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ

വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയാൽ 1055x(2x450)=9,49,500/- രൂപ ലഭ്യമാകുന്നതാണ്. ഇപ്രകാരം തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ആയത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം 03/25.02.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ , നഗരസഭ പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ ചേർത്ത് തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കുന്നതിനും വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. ഇൗ മറുപടി അംഗീകരിക്കുന്നു. അപാകത പരിഹരിച്ച വിവരം അറിയിക്കേണ്ടതാണ്.

തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതും തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-15 ലേലം- തുകയും കുടിശ്ശികയും പിരിച്ചെടുത്തിട്ടില്ല

ലേലം സംബന്ധിച്ച ഫയലും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2018-19ലും മുൻവർഷങ്ങളിലും നഗരസഭ നടത്തിയ ലേല തുകകൾ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കണ്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

**1. 2018-19ലെ ലേലം**

| ക്ര.ന. | ലേലം ഇനം | ലേലം കൊണ്ട വ്യക്തി | ലേലം തിയതി | ലേല തുക | ആകെ ഒടുക്കിയ തുക | പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| 1 | കംഫർട്ട് സ്റ്റേഷൻ | ശ്രീ. ലത്തീഫ് ഇ, പരപ്പനങ്ങാടി | 26.03.2018 | 108000 | 36000 | 72000 |
| **ആകെ കുടിശ്ശിക** | | | | | | **72000** |

**2. മുൻവർഷങ്ങളിലെ കുടിശ്ശിക പിരിച്ചെടുത്തില്ല**

| ക്ര.ന. | ലേലം ഇനം | ലേലം കൊണ്ട വ്യക്തി | ലേലം തിയതി | ലേലം തുക | ആകെ ഒടുക്കിയ തുക | കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | കംഫർട്ട് സ്റ്റേഷൻ(2017-18 വർഷത്തേക്ക്) | ശ്രീ. ഷാനവാസ് കല്ലംകണ്ടി, പരപ്പനങ്ങാടി | 01.03.2017 | 102450 | 2540 | 99910 |
| 2 | ശ്മശാന പ്രദേശത്തെ തെങ്ങുകളിലെ ആദായം(2016-17 മുതൽ 2018-19 വരെ മൂന്ന് വർഷത്തേക്ക്) | ശ്രീ. ഹനീഫ മുസാമിന്റെ പുരക്കൽ, പരപ്പനങ്ങാടി | 06.04.2016 | 16800 | 6000 | 10800 |
| 3 | നഗരസഭ അധീനതയിൽ പരസ്യ നികുതി(2017-18 വർഷത്തേക്ക്) | ശ്രീ. ഹൈദർ ഹാജി, ചപ്പങ്ങത്തിൽ, ചെമ്മാട്, തിരൂരങ്ങാടി | 28.02.2017 | 15500 | 10000 | 5500 |
| **ആകെ കുടിശ്ശിക** | | | | | | **116210** |

കംഫർട്ട് സ്റ്റേഷനും മറ്റും ലേലം ചെയ്യുന്നതിനായി പുറപ്പെടുവിച്ച ലേല പരസ്യത്തിലെ നിബന്ധനകളിൽ ലേല ഗഡുക്കൾ ഓരോ മാസവും 5-ാം തീയതിയ്ക്കകം അടയ്ക്കേണ്ടതാണെന്നും അടവ് തെറ്റുകയാണെങ്കിൽ 18% നിരക്കിൽ പിഴപ്പലിശ നൽകേണ്ടതും ഒരു ദിവസം ഗഡു തെറ്റിയാലും ഒരുമാസത്തേയ്ക്കുള്ള കണക്കിൽ പിഴപ്പലിശ ഈടാക്കുന്നതുമാണ് എന്നും ലേല ഗഡു 2 മാസത്തിൽ കൂടുതൽ മുടക്കം വന്നാൽ ലേലം ദുർബലപ്പെടുത്തി പുനർ ലേലം നടത്തുന്നതും അങ്ങനെ വരുന്നപക്ഷം ലേലസംഖ്യ കുറഞ്ഞുപോയാൽ മുൻ ലേലക്കാരനിൽനിന്നും നഷ്ടം ഈടാക്കുവാൻ നഗരസഭക്ക് അധികാരമുള്ളതാകുന്നു എന്നും മുൻപ് ലേലം വിളിച്ചെടുത്ത വകയിൽ നഗരസഭയിൽ കുടിശ്ശിക വരുത്തിയിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കാൻ അർഹരല്ല എന്നും വ്യക്തമാക്കുന്നുണ്ട്. ക്രമനമ്പർ 2 ലെ കുടിശ്ശിക പിരിച്ചെടുക്കാൻ വ്യക്തികൾക്ക് കത്ത് നല്കിയിട്ടുണ്ടെങ്കിലും അടവാക്കിയിട്ടില്ല. ലേലനിബന്ധനകൾ ലഭിച്ചിട്ടുമുണ്ട്.
അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 06/27.02.2020ന് നഗരസഭ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ക്രമ നം 1,2 എന്നിവ പ്രകാരം ഈടാക്കാനവശേഷിക്കുന്ന ലേല തുകയും കുടിശ്ശിക തുകകളും(**72000+116210**) പിഴപ്പലിശ സഹിതം പിരിച്ചെടുക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൻവർഷത്തെ വാടകയിനത്തിൽ 2,51,804/- രൂപ കുടിശ്ശികയായി - വാടകയും കുടിശ്ശികയും പിരിച്ചെടുക്കുന്നില്ല

ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ വാടക, സമയ ബന്ധിതമായി പിരിച്ചെടുക്കുന്നതിൽ നഗരസഭക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്, തൻവർഷത്തിൽ നിരവധി കടമുറികളിലെയും മത്സ്യ മാർക്കറ്റ് സ്റ്റാളുകളിലെയും വാടക ഈടാക്കാനവശേഷിക്കുന്നുണ്ട്. 2015-16, 2016-17, 2017-18 എന്നീ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെല്ലാം വാടക സംബന്ധിച്ച അപാകത പരാമർശിച്ചിട്ടുമുണ്ട്. 2018-19ൽ കുടിശ്ശിക വരുത്തിയവരുടെ വിവരം താഴെ കൊടുക്കുന്നു.

**A. ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ:**

| ക്ര.ന. | റൂം/സ്റ്റാൾ നമ്പർ | പേര് | മാസ വാടക | വാർഷിക ഡിമാന്റ് | വാർഷിക കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|
| 1 | 5/924 A | കുടുംബശ്രീ | 1500 | 18000 | 0 | 18000 |
| 2 | 5/930(5) | ശ്രീമതി.പി.സാജിദ. | 3686 | 44232 | 18430 | 25802 |
| 3 | 5/930(6) | ശ്രീ.അരുൺ | 4884 | 58608 | 0 | 58608 |
| 4 | 5/930(9) | ശ്രീ.അൻവർ.പി.പി. | 2494 | 29928 | 0 | 29928 |
| 5 | 5/930(10A) | ശ്രീ.അൻവർ.പി.പി. | 1977 | 23724 | 0 | 23724 |
| 6 | 5/930(23) | ശ്രീ.അബ്ദുൽഖാദർ പി.വി | 1796 | 21552 | 0 | 21552 |
| 7 | 5/930(24) | ശ്രീ.സുദേവൻ. | 1370 | 16440 | 0 | 16440 |
| 8 | 5/930-13 | ശ്രീ.ബഷീർ സി.കെ | വാടക രേഖപ്പെടുത്തിയിട്ടില്ല, Vacant എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു | | | |
| **ആകെ കുടിശ്ശിക** | | | | | | **194054** |

**B. മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ :**

| ക്ര.ന. | റൂം/ സ്റ്റാൾ നമ്പർ | പേര് | മാസ വാടക | വാർഷിക ഡിമാന്റ് | വാർഷിക കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|
| 1 | 3 | ശ്രീ.അഷ്റഫ്. | 750 | 9000 | 00 | 9000 |
| 2 | 5 | ശ്രീ.അബ്ദുള്ളകുട്ടി പാലക്കൽ | 750 | 9000 | 5250 | 3750 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 7 | ശ്രീ.സവാദ്. | 750 | 9000 | 6000 | 3000 |
| 4 | 8 | ശ്രീ.സിദ്ദീഖ്. ഒ | 750 | 9000 | 6000 | 3000 |
| 5 | 33 | ശ്രീ.നബീൽ | 3250 | 39000 | 0 | 39000 |
| 6 | 12 | ശ്രീ.സെയ്ത് മുഹമ്മദ് | 750 | 4/18,5/18,6/18 എന്നീ മാസങ്ങളിലെ വാടക 2250 രൂപ അടവാക്കിയതായും സ്റ്റാൾ ഒഴിവാക്കി എന്ന് രേഖപ്പെടുത്തിയതായും കാണുന്നു. | | |
| 7 | 13 | ശ്രീ.അബ്ദുറഹ്മാൻ കുട്ടി | വാടക രേഖപ്പെടുത്തിയിട്ടില്ല, സ്റ്റാൾ ഒഴിവാക്കി എന്ന് രേഖപ്പെടുത്തി കാണുന്നു. | | | |
| **ആകെ** | | | | | | **57750** |

മുൻവർഷ വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ വർഷങ്ങളായി വാടക ഒടുക്കാത്തവരും നാളിതുവരെ യഥാസമയം വാടക അടവാക്കാത്തവരും മുറികൾ കൈവശം വെച്ച് വരുന്നതായി കണ്ടു. (ഉദാ.പട്ടിക 1, ക്രമ നം.4,5 എന്നിവ പ്രകാരമുള്ള വ്യക്തി മുറി വാടക ഒടുക്കാത്തതായി 2015-16(ഖണ്ഡിക 2-1), 2016-17(ഖണ്ഡിക 2-4),2017-18(ഖണ്ഡിക 2-15) എന്നീ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ആയത് പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ കുടിശ്ശികയിനത്തിൽ ലഭ്യമാകാനുള്ള വാടകയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മുഴുവൻ വാടകക്കാരുമായും സമാനമായ രീതിയിൽ ചമച്ച കരാർ വ്യവസ്ഥകൾ പ്രകാരം എല്ലാ ഇംഗ്ലീഷ് മാസവും 5ാം തീയതിയോ അതിനു മുമ്പോ വാടകക്കാരൻ വാടക ഒടുക്കേണ്ടതുണ്ട്. കരാറിലെ നിബന്ധനകൾ ലംഘിക്കുക, 2 മാസത്തിലധികം കാലയളവിലെ വാടക കുടിശ്ശിക വരുത്തുക എന്നിവ വാടകക്കാരനിൽ നിന്നുണ്ടായാൽ ഏകപക്ഷീയമായി കരാർ റദ്ദാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടെന്നും വ്യവസ്ഥയുള്ളതാണ്. എന്നാൽ വർഷങ്ങളായി കുടിശ്ശിക വരുത്തിയവർ പോലും മുറികളും സ്റ്റാളുകളും കൈവശം വെച്ചു വരുന്നുണ്ട്.

**2 . മറ്റ് അപാകതകൾ**

i. **മത്സ്യ മാർക്കറ്റ് സ്റ്റാളുകള**ുടെ വാടകയിൽ വർഷങ്ങളായി വാർഷിക വർദ്ധന വരുത്തിയിട്ടില്ല

ii. രജിസ്റ്ററിൽ 'സ്റ്റാൾ ഒഴിവാക്കി' എന്ന് രേഖപ്പെടുത്തിയതായുള്ള പട്ടിക ‘B’ യിലെ ക്രമനമ്പർ 6,7, ‘Vacant’ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന പട്ടിക ‘A’ യിലെ ക്രമനമ്പർ 8 എന്നീ സംഗതികളിൽ ആയത് കൗൺസിൽ അംഗീകരിച്ചതായോ സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയതായോ കാണുന്നില്ല.

iii. കുടിശ്ശിക തീർക്കാത്തവരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 07/27.02.2020ന് നഗരസഭ സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഈടാക്കാനവശേഷിക്കുന്ന വാടക തുകകൾ(**194054+57750**) ജി.എസ്.ടി, പിഴപ്പലിശ എന്നിവ സഹിതം പിരിച്ചെടുക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു

2018-19 സാമ്പത്തിക വർഷത്തിലെ ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ, ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഇല്ല എന്നും ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല, പാർപ്പിടാവശ്യമാണെന്നും കണ്ടു. അതായത്, പാർപ്പിടാവശ്യം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ / വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയയിൽ ഇല്ലാത്ത കെട്ടിടങ്ങളിലും വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനികുതി

ഇനത്തിൽ നഗരസഭക്ക് ലഭിക്കേണ്ട തുകയിലും വലിയ കുറവ് സംഭവിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചില കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | ഡി&ഒ ലൈസൻസ് നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട വ്യക്തി, സ്ഥാപനം | രജിസ്റ്റർ/ അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉടമ, തരം, | |
|---|---|---|---|---|---|
| | | | | 2015ലെ നമ്പറിംഗ് | 2013ലെ നമ്പറിംഗ് |
| 1 | 34 | ശിവദാസൻ, സ്പെയർ പാർട്സ് കട | 18/144 | അഹമദ് കോയ, **പാർപ്പിടം** | ഷുക്കൂർ, നികുതി ഒഴിവാക്കപ്പെട്ട കെട്ടിടം |
| 2 | 41 | അബ്ദുൽ റഹിമാൻ, സ്റ്റേഷനറി കട | 6/603 | ലഭ്യമല്ല | കെ.പി അബ്ദുള്ളകോയ, കൺവെൻഷൻ സെന്റർ |
| 3 | 44 | മാധവ്/മധു മോഹൻ, മര വ്യവസായം | 15/67 | അബൂബക്കർ, പാർപ്പിടം | ലഭ്യമല്ല |
| 5 | 215 | മുരളീധരൻ, ഹരീഷ്, വർക്ക്ഷോപ്പ് | 6/634 | ലഭ്യമല്ല | സെക്രട്ടറി, ഉള്ളാനം ക്ഷേത്ര സംരക്ഷണ സമിതി, പാർപ്പിടം |
| 6 | 233 | കെ പ്രഭാശങ്കർ, ഐസ് ബ്ലോക്ക് നിർമ്മാണം | 16/793 | ലഭ്യമല്ല | ആയിഷാബി, പാർപ്പിടം |
| 7 | 515 | ഉഷാകുമാരി, സോമിൽ | 2/504,505 | ലഭ്യമല്ല | പ്രേമലത, പാർപ്പിടാവശ്യം |
| 8 | 526 | ഷംസുദ്ധീൻ, ഓഡിറ്റോറിയം | 4/70A | ലഭ്യമല്ല | ലഭ്യമല്ല |
| 9 | 646 | കദീജ ഉമ്മ, ഫ്ലോർമിൽ | 13/481 | മുംതാസ്, പാർപ്പിടം | അബ്ദുൽ ഖാദർ, പാർപ്പിടം |
| 10 | 920 | മുഹമ്മദ് അഷ്റഫ്, പടക്കം സ്റ്റോക്ക്, വിൽപ്പന | 5/270 | ലീല, പാർപ്പിടം | മൊയ്തീൻകുട്ടി, പാർപ്പിടം |
| 11 | 925 | മുഹമ്മദ് എലിയാസ്, ഫ്ളോർമിൽ | 15/684 | ലഭ്യമല്ല | ലഭ്യമല്ല. |

2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും ) ചട്ടങ്ങൾ, ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള

നടപടികൾ ഒന്നും നഗരസഭ സ്വീകരിച്ചതായി കാണുന്നില്ല.ലൈസൻസ് അനുവദിക്കുമ്പോൾ മതിയായ പരിശോധന നടത്താത്തതാണ് ഇത്തരം അപാകതക്ക് കാരണം എന്നത് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.05/25.02.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മുൻകാലങ്ങളിൽ ലൈസൻസ് നൽകിയവ പുതുക്കി നൽകിയപ്പോഴാണ് മേൽ അപാകത സംഭവിച്ചതെന്നും നിലവിൽ പുതിയ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ തരം പരിശോധിച്ച് വാണിജ്യ കെട്ടിടങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും അറിയിച്ചു.

ലൈസൻസ് പുതുക്കി നൽകുമ്പോഴും പുതിയ ലൈസൻസ് അനുവദിക്കുമ്പോഴും കെട്ടിടത്തിന്റെ തരം പരിശോധിക്കേണ്ടതുണ്ട്. മേൽ പട്ടികയിൽ പരാമർശിച്ചവ കൂടാതെ ഇത്തരത്തിൽ ലൈസൻസ് അനുവദിച്ച വ്യാപാര സ്ഥാപനങ്ങൾ ഉണ്ടോയെന്നത് പരിശോധിക്കേണ്ടതും, ഉണ്ടെങ്കിൽ അവയും മേൽ കെട്ടിടങ്ങളും ചട്ടപ്രകാരം തരം മാറ്റി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വാർത്താവിനിമയ ഗോപുരങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.

നഗരസഭയിൽ സ്ഥിതി ചെയ്യുന്ന 13 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയുള്ളതായി മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു, ഈ ടവറുകളുടെയും പുതുതായി സ്ഥാപിച്ച മറ്റ് ടവറുകളുണ്ടെങ്കിൽ ആയവയുടെയും 2018-19ലെ വസ്തുനികുതി ഈടാക്കിയ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.11/27.02.2020ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം തൻവർഷത്തിൽ വിവിധ മൊബൈൽ ടവറുകളിൽ നിന്നായി 4,26,613/- രൂപ വസ്തുനികുതി ഡിമാന്റുണ്ടായിട്ടും ആകെ 22,770/- രൂപ മാത്രമാണ് ഈടാക്കിയത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) ഡിമാന്റ് | അടവാക്കിയ വാർഷിക നികുതി (ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) | 2018-19ലെ കുടിശ്ശിക(ഗ്രന്ഥശാലാ വരി, സർവ്വീസ് ചാർജ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | 22/992 A | ഡെപ്യൂട്ടി ജനറൽ മാനേജർ, ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 36060 | - | 36060 |
| 2 | 2/244 | അഹമ്മദ്, പള്ളിയാളി, ചെട്ടിപ്പടി | 17641 | 5691 | 11950 |
| 3 | 17/398 A | എം.എസ് റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 32260 | - | 32260 |
| 4 | 19/161 Q | എ.ടി.സി ടെലകോം ടവർ കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 33350 | - | 33350 |
| 5 | 21/115 A | ടാറ്റ ടെലിസർവ്വീസ് | 34497 | - | 34497 |

| | | | | | |
|---|---|---|---|---|---|
| | | ലിമിറ്റഡ് | | | |
| 6 | 13/442 | ജി.ടി.എൽ ഇൻഫ്രാസ്ട്രക്ചർ എൽ.ടി.ഡി കൊച്ചിൻ | 39100 | - | 39100 |
| 7 | 11/615 | റിലയൻസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 38640 | - | 38640 |
| 8 | 12/429 C | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 6900 | - | 6900 |
| 9 | 9/355 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 30360 | 17079 | 13281 |
| 10 | 7/442 B | ഭാരതി ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 48218 | - | 48218 |
| 11 | 2/1028 A | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 26628 | - | 26628 |
| 12 | 2/892 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 40428 | - | 40428 |
| 13 | 2/699 A | വയർലസ് ടി.ടി ഇൻഫോ സർവ്വീസ്, കൊച്ചിൻ | 38531 | - | 38531 |
| ആകെ | | | 4,26,613/- | 22,770/- | 4,03,843 |

വാർത്താ വിനിമയ ഗോപുരങ്ങളുടെ 2018-19ലെ വസ്തു നികുതി കുടിശ്ശിക 4,03,843/- രൂപ യഥാസമയം പിരിച്ചെടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ആയവ പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കാലഹരണപ്പെട്ട നികുതി തുക കണക്കാക്കി ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും മേൽവിലാസവും ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-19 മതിയായ പാർക്കിംഗ് സൗകര്യം ഒരുക്കാത്ത തിയേറ്റർ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

ശ്രീമതി. വൽസല എം.വി, കിഴക്കേപൊലാട്ട് ഹൗസ്, മുണ്ടിയംകാവ് എന്നവർക്ക് പരപ്പനങ്ങാടി നഗരസഭയിൽ സർവ്വേനം. S-61/7R-109/16-2, 771 ച.മീ. വിസ്തീർണ്ണമുള്ള സ്ഥലത്ത് തിയേറ്റർ കെട്ടിടം നിർമ്മിക്കുന്നതിന് 10.04.2018 ന് PW1/B4(101339)/2018 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. അപേക്ഷയുടെ കൂടെയുള്ള പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ താഴെ പറയുന്ന പ്രകാരമണ്.

| ഫ്ലോർ | തറവിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഫ്ലോർ ഏരിയ (ച.മീ) | കാർപ്പറ്റ് ഏരിയ (ച.മീ) |
|---|---|---|---|
| Ground Floor | 254.53 | 226.11 | 180.80 |
| First Floor | 81.30 | 48.87 | 39.09 |
| Total | 335.83 | 274.98 | 219.89 |

ഈ പ്ലാൻ മുനിസിപ്പൽ ഓവർസിയർ സാങ്കേതിക പരിശോധന നടത്തി അംഗീകരിച്ചിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 34 പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാതെയാണ് മേൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

<table>
<tr><td>പ്ലോട്ട് വിസ്തീർണം</td><td colspan="3">771 m2</td></tr>
<tr><td rowspan="3">കെട്ടിടത്തിന്റെ ആകെ വിസ്തീർണം</td><td colspan="3">Plinth Area- 335.83 m2</td></tr>
<tr><td colspan="3">Floor Area- 274.98 m2</td></tr>
<tr><td colspan="3">Carpet Area- 219.89 m2</td></tr>
<tr><td>പാർക്കിംഗ്</td><td>നൽകേണ്ടത്</td><td>നൽകിയത്</td><td>കുറവ്</td></tr>
<tr><td>കാർ</td><td>10</td><td>8</td><td>2</td></tr>
<tr><td>ഇരു ചക്ര വാഹനം</td><td>13</td><td>9</td><td>4</td></tr>
<tr><td colspan="4">Parking Calculation:<br><br>Car Parking – Grop D (219.89 $m^2$ Carpet Area) : 219.89 / 22.50 $m^2$ = 9.73 Nos., Say 10<br><br>(15 seats of accommodation – 1 parking, One seating accommodation needs 1.5 $m^2$ carpet area, ie 1.5 x 15 = 22.50 $m^2$ Carpet Area)<br><br>Area of Parking: 10x15$m^2$ = 150 $m^2$</td></tr>
<tr><td colspan="4">Two Wheeler: 13 Nos [25% Car Parking Area = 150x25%=37.5 $m^2$ / 3 $m^2$ = 12.5, Say 13] only 27 $m^2$ area provided,( ie 27/3= 9 parking).</td></tr>
</table>

മുനിസിപ്പൽ. ഓവർസിയറുടെ സാങ്കേതിക പരിശോധന നടത്തിയ റിപ്പോർട്ടിൽ മേൽ അപാകത റിപ്പോർട്ട് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള പാർക്കിംഗ് ഒരുക്കാത്ത കെട്ടിടത്തിന് പെർമിറ്റ് നൽകിയത് ക്രമ പ്രകാരമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 08/27.02.2020 ന് ലഭ്യമാക്കിയ മറുപടിയിൽ KMBR 1999 പ്രകാരം അസംബ്ലി കെട്ടിടങ്ങൾക്ക് 15 സീറ്റിന് ഒരു പാർക്കിംഗ് ആണ് എന്നും, മേൽ തിയേറ്റർ കെട്ടിടത്തിന് 102 സീറ്റുകളാണ് ഉള്ളത് ആയത് പ്രകാരം ആവശ്യമായ പാർക്കിംഗ് ക്രമീകരിച്ചിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

KMBR 1999 ചട്ടം 34, പട്ടിക 5.2ൽ ക്രമ നം.4 പ്രകാരം ഗണം D- സമ്മേളന സ്ഥലം തരം കെട്ടിടങ്ങൾക്ക് 15 സീറ്റുകളോട് കൂടിയ സ്ഥല സൗകര്യത്തിന് ഒരു പാർക്കിംഗ് എന്നും, ഈ ചട്ടത്തിന്റെ ഉദ്ദേശത്തിലേക്കായി 1.50ച.മീ കാർപ്പറ്റ് വിസ്തീർണ്ണം ഒരു ഇരിപ്പിട സജ്ജീകരണമായി പരിഗണിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.(കല്ല്യാണ മണ്ഡപങ്ങളുടെയോ സമ്മേളന സ്ഥലങ്ങളുടെയോ കാര്യത്തിലാണ് സമ്മേളന സ്ഥലത്തിന്റെയോ ഭക്ഷണ ശാലയുടെയോ എതാണോ കൂടുതലുള്ള കാർപ്പറ്റ് വിസ്തീർണ്ണം മാത്രം പരിഗണിക്കേണ്ടത്.) ആയത് പ്രകാരം 1.50ച.മീ കാർപ്പറ്റ് വിസ്തീർണ്ണം ഒരു ഇരിപ്പിട സജ്ജീകരണമായി പരിഗണിക്കുമ്പോൾ 15 സീറ്റുകളോട് കൂടിയ സ്ഥല സൗകര്യത്തിന് 1.5x15=22.5ച.മീ കാർപ്പറ്റ് വിസ്തീർണ്ണം ഒരു കാർ പാർക്കിംഗിന് ആവശ്യമാണ് എന്നതിനാൽ 219.89 ച.മീ കാർപ്പറ്റ് വിസ്തീർണ്ണത്തിന് 219.89 / 22.5=9.73 Nos., Say 10 കാർ പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ എഞ്ചിനിയറിംഗ് വിഭാഗം ലഭ്യമാക്കിയ വിശദീകരണം വസ്തുതാപരമല്ല. ചട്ടപ്രകാരമുള്ള പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 വിവിധ പ്രൊജക്ടുകളിലായി നിക്ഷേപിച്ച തുകകൾ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് / നമ്പർ | തുക | ട്രഷറി ബിൽ നമ്പർ/ തീയതി | ഏജൻസി | നിർവ്വഹണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കുടിവെള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കലും പദ്ധതി നവീകരണവും, 469/19 | 86,000 | 44/13-3-19 | KWA | സെക്രട്ടറി |
| കൊടപ്പോളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ,73/19 | 1,00,000 | 46/18-3-19 | KWA | |
| Streetline വലിക്കൽ, മീറ്റർ സ്ഥാപിക്കൽ, 269/19 | 10,00,000 | 72/15-3-19 | KSEB | നഗരസഭാ എൻജിനീയർ |
| നഗരസഭയിൽ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റലും (II Phase), 285/19 | 1,44,651 | 40/31-12-18 | KSEB | |
| ഉള്ളണം കുടിവെള്ള പദ്ധതി സർവ്വെ, 452/19 | 70,000 | 42/31-12-18 | KWA | |
| | 14,00,651 | | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ /ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസം ചെയ്യുന്നു.

## 1-21 പ്രൊജക്ട് നിർവ്വഹണം - നിയമാനുസൃത വിഹിതങ്ങൾ ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പിലാക്കിയ "തെരുവ് വിളക്ക് (LED) സ്ഥാപിക്കൽ" എന്ന പ്രൊജക്ട് പ്രകാരം (Pr.No SO294/19) ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ, തുക നൽകിയപ്പോൾ നിയമാനുസൃതമായി ഈടാക്കേണ്ട ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിട്ടില്ല എന്ന് കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു(ഏജൻസി : Steel Industrials Kerala Ltd)

| തുക | ട്രഷറി ബിൽ/ ചെക്ക് നമ്പർ, തീയതി | ഫണ്ട് | ഈടാക്കേണ്ട IT | ഈടാക്കേണ്ട WF വിഹിതം |
|---|---|---|---|---|
| 88,500 | 4/30-5-18 | വികസനഫണ്ട് | 1770 | 885 |
| 4,00,000 | 32/13-12-18 | വികസനഫണ്ട് | 8000 | 4000 |
| 99,430 | 2970502/30-1-19 | തനത്ഫണ്ട് | 1987 | 994 |

| | | | | |
|---|---|---|---|---|
| ആകെ = 5,87,930 രൂപ | | | 11757 | 5879 |

മേൽ പരാമർശിച്ച നിരക്കിലുള്ള നികുതികൾ ഈടാക്കേണ്ടതാണ്.

## 1-22 മുൻകൂർ തുകകൾ - ക്രമീകരണ വിവരം ലഭ്യമല്ല

നഗരസഭയിലെ വിവിധ ജീവനക്കാർക്ക് 2018-19 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും ചുവടെ കൊടുത്തിരിക്കും പ്രകാരം മുൻകൂറായി തുകകൾ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരൻ | തുക | ചെക്ക് നമ്പർ/ തീയതി | പ്രവൃത്തി |
|---|---|---|---|
| ജാഫർ സാദിഖ്, ഓവർസിയർ, ഗ്രേഡ് II | 13,790 | 403371/22—6-18 | മുനിസിപ്പൽ ഓഫീസ് വൈദ്യുതീകരണം |
| ഗിരീശൻ കെ, റെവന്യൂ ഇൻസ്പെക്ടർ | 25,000 | 404395/17-8-18 | Flood related activities |
| ദിലീപ് പി.കെ, LDC | 20,000 | 411852/25-2-19 | Expense of mike announcement in connection with tax collection |
| ആകെ = | 58,790 രൂപ | | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.ചെലവ് തുക,58,790 രൂപ ഓഡിറ്റിൽ താല്ക്കാലികമായി തടസ്സം ചെയ്യുന്നു.

## 1-23 സമയപരിധി കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്

2018-19 വർഷത്തെ AFS പരിശോധിച്ചതിൽ 31-03-19 തീയതിയിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപമായി അവശേഷിക്കുന്നതായി കണ്ടു.

| ഇനം | തുക |
|---|---|
| Contractors EMD – Municipal Fund | 36,000 |
| Suppliers EMD – Municipal Fund | 94,594 |
| Contractors EMD – Specific Grants | 65,000 |
| Contractors Security Deposit - Municipal Fund | 47,530 |
| Suppliers Security Deposit - Municipal Fund | 30,060 |
| Contractors Retention Money – Municipal Fund | 1,20,687 |
| Rent Deposit | 22,98,770 |

| | |
|---|---|
| Auction Deposit | 4,63,487 |
| Deposit received from others | 4,12,352 |
| | 90,039 |
| ആകെ = | 36,58,519 രൂപ |

2018-19 വർഷത്തെ നിക്ഷേപ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.2016-17 വർഷത്തെ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുകയുണ്ടായി. ആയതിൽ തന്നെ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ 1972 മുതലുള്ള നിക്ഷേപങ്ങൾ വരെ 31-3-17 ന് അവശേഷിച്ചതായി കണ്ടു.

Keralal Financial Code, Vol I, Article 282 പ്രകാരം "All deposits unclaimed for more than 3 complete financial years should be credited to the Government at the close of March in each years" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരമുള്ള നിക്ഷേപത്തുകകൾ ഏതെല്ലാം വർഷത്തേതാണെന്ന് കണ്ടെത്തി ആയതിൽ കാലപരിധി കഴിഞ്ഞ തുകകൾ നഗരസഭയിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .
Contractors retention തുകകളിൽ പ്രവൃത്തി പൂർത്തിയാക്കാത്തവയും rent deposit ൽ നിലവിൽ വാടക നല്കി വരുന്നവയും ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. അത്തരം കേസുകളിൽ നിക്ഷേപം നിലനിർത്താവുന്നതാണ്.

## 1-24 ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന - തൊഴിലാളികളുടെ വേതനത്തിൽ നിന്ന് തുക കുറവ് ചെയ്തില്ല

പരപ്പനങ്ങാടി നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്തിരുന്ന ദിവസ വേതന/കരാർ തൊഴിലാളികളുടെ സെപ്തംബർ മാസത്തെ വേതനത്തിൽനിന്നും മുൻകൂറായി 2,000/- രൂപ വീതം പിടിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അയച്ചു കൊടുത്തിരുന്നു(ചെക്ക് നമ്പർ/തീയതി: 2673955/13-9-18). വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാർ | വിഭാഗം | തുക | വൗച്ചർ നമ്പർ/ തീയതി |
|---|---|---|---|---|
| 1 | നാരായണൻ കുട്ടി, സുനിൽ കുമാർ, നാസർ, ബീരാൻ കുട്ടി, അബ്ദുൾ റഹ്മാൻ, സൈതലവി | Contigent workers | 6 x 2000 = 12,000 | 21800467/13-9-18 |
| 2 | മുബാരിസ്, മുഹമ്മദ് അൻജിഷ്, നിമിത,ശ്യാം മോഹൻ, അജ്മൽ റോഷൻ, മുഹാജിരാനി ഹസ്സൻ, സുരഭി, ശരത്, ലിൻജു, സജീഷ് | Clerks )Revenue wing) | 10 x 2000 = 20,000 | 21800468/13-9-18 |
| 3 | മുഹമ്മദ് ഹനീഫ, അബ്ദുൾ റഷീദ്, അബ്ദുൾ റഹീം | Drivers | 3 x2000 = 6,000 | 21800469/13-9-18 |
| 4 | സൂരജ് | Technical Asst. | 2000 | |

| | | | | |
|---|---|---|---|---|
| 5 | സുധി | DEO (Hospital Kiosk) | 2000 | |
| 6 | ബേബി റാഷിയ അറബി, വിബിത ബാബു | NULM Staff | 2 x 2000 = 4,000 | 21800470/13-9-18 |
| 7 | അബ്ദുൾ റഷീദ്, സാഹിദ് | AUGES Staff | 2 x2000= 4,000 | 21800471/13-9-18 |
| | ആകെ = | | 50,000 രൂപ | |

2018 September മാസത്തെ വേതനത്തിൽ നിന്നും മേൽ ജീവനക്കാരുടെ വിഹിതം കുറച്ചിട്ടില്ല. തുടർന്നുള്ള മാസങ്ങളിലായി (3/19 വരെ ) ക്രമ നമ്പർ 4,5,6 എന്നിവ ഒഴികെയുള്ളവയിൽ പരാമർശിച്ചിരിക്കുന്ന ജീവനക്കാരിൽ നിന്നും തുകകൾ (2,000 രൂപ വീതം) ഈടാക്കിയിട്ടുണ്ട്. ക്രമ നമ്പർ 4,5 എന്നിവയിലെ ജീവനക്കാരിൽ നിന്നും 2018 നവംബർ മാസത്തിൽ 1,000 രൂപ വീതം ഈടാക്കിയിട്ടുണ്ട്. 1,000 രൂപ വീതം അടവാക്കാൻ അവശേഷിക്കുന്നുണ്ട്. ക്രമ നമ്പർ 6 ലെ ജീവനക്കാരിൽ നിന്നും 2,000രൂപ വീതം 4,000 രൂപ ഈടാക്കാനുണ്ട്. മേൽ പരാമർശിച്ച പ്രകാരമുള്ള ചെലവിൽ നിന്നും 6,000 രൂപ ഇനിയും ഈടാക്കാനുണ്ട്. ആയത് ടിയാളുകളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-25 പെൻഷൻ അംശദാനം - അർഹമായ നിരക്കിൽ അടവാക്കുന്നില്ല

നഗരസഭയിലെ ജീവനക്കാരുടെ (റഗുലർ) 3/18 മുതൽ 2/19 വരെയുള്ള മാസങ്ങളിലെ പെൻഷൻ അംശദാനം അടവാക്കിയത് പരിശോധിച്ചതിൽ ഓരോരുത്തരുടെയും അടിസ്ഥാന ശമ്പളത്തിന്റെ 15 % മാണ് അടവാക്കിയിട്ടുള്ളത് എന്ന് കണ്ടു.

1996ലെ കേരള മുനിസിപ്പാലിറ്റി ( ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) ചട്ടങ്ങൾ, ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% ശതമാനം അവരുടെ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ള തുകകൾ എല്ലാം തന്നെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% മാത്രമാണ്. ചട്ടത്തിൽ പരാമർശിക്കും പ്രകാരമുള്ള നിരക്കിൽ പെൻഷൻ അംശദാനം ഈടാക്കി അടവാക്കേണ്ടതാണ്.

## 1-26 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ അംശദാനംഅടവാക്കിയില്ല

20-01-16ലെ G.O.(P)No.7/16/Fin ന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം അനുവദിച്ചതിൽ 1-7-14 മുതൽ 31-1-16 വരെയുള്ള കാലയളവിലേക്ക് കുടിശ്ശിക ഇനത്തിൽ നല്കാനുള്ള തുകയുടെ മൂന്നും നാലും ഗഡുക്കൾ ചുവടെ കൊടുത്തിരിക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗഡു | തുക | വൗച്ചർ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|
| III | 1,89,976 | 21800219/27-6-18 | പഞ്ചായത്ത് ജീവനക്കാർ |
| | 46,499 | 21800207/23-6-18 | വിരമിച്ച പഞ്ചായത്ത് ജീവനക്കാർ |
| | 58,363 | 21800206/23-6-18 | പഞ്ചായത്ത് ജീവനക്കാർ |
| | 14,020 | 21800220/27-6-18 | |

| | | | |
|---|---|---|---|
| | | | വിരമിച്ച ജീവനക്കാരി( ഇന്ദിര) |
| IV | 2,56,833 | 21800707/30-11-18 | പഞ്ചായത്ത് ജീവനക്കാർ |

മേൽ ശമ്പള പരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലുള്ള ടി ജീവനക്കാരുടെപെൻഷൻ അംശദാനം അടവാക്കിയിട്ടില്ല. ആയത് അടവാക്കേണ്ടതാണ്.

## 1-27 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മര ഫർണീച്ചറിനു പകരം സ്റ്റീൽ ഫർണീച്ചർ നൽകി

പ്രൊജക്ട് നം.: SO 018/19 ,മത്സ്യത്തൊഴിലാളികളുടെമക്കൾക്ക് ഫർണീച്ചർ

അടങ്കൽ : 12,00,000/-

ചെലവ് വിവരം:-

ബിൽ നം. 01/18-19 /17.12.2018 : 6,00,000/- - പ്ലാൻ ഫണ്ട്.

SB/XY No.2970513/20.03.2019 : 3,00,000/- - തനത് ഫണ്ട്

SB/XY No.2970514/20.03.2019 : 3,00,000/- - തനത് ഫണ്ട്

ആകെ : 12,00,000/-

ഈ പ്രൊജക്ട് പ്രകാരം ആർട്ട്കോയിൽ നിന്നും (ബിൽ നം.138/26.11.2018 തുക -12,00,000/-) 240 സ്റ്റീൽ മേശയും കസേരയും(ഒരു യൂണിറ്റിന് വില 5,000/-) വാങ്ങി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. 14.02.2018ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ.നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.3.സി-24 പ്രകാരം 8000 രൂപ വരെ വിലയുള്ള മരം കൊണ്ട് നിർമ്മിച്ചതുമായ ഫർണീച്ചർ നൽകുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്.

മരം കൊണ്ട് നിർമ്മിച്ച ഫർണീച്ചർ ഗുണനിലവാരം പരിശോധിക്കുന്നതിന് മാർഗ്ഗമില്ലാത്തതിനാലും പ്രോജക്ടിന് കൂടുതൽ അപേക്ഷകർ ഉള്ളതിനാലും നിർവ്വഹണം നടത്താൻ താമസം നേരിടാനിടയുണ്ടെന്നും ആയതിനാൽ പ്രൊജക്ടിൽ യൂണിറ്റിന് 5,000/-രൂപയായും സ്റ്റീൽ ഫർണീച്ചർ എന്ന് നൽകാനിടയായിട്ടുണ്ടെന്നും പ്രൊജക്ട് സുഗമമായി നടപ്പിലാക്കുന്നതിന് സ്റ്റീൽ ഫർണീച്ചർ എന്നും യൂണിറ്റ്കോസ്റ്റ് 5,000/-രൂപയായും കൗൺസിൽ തീരുമാനത്തിനായും ഗൈഡ് ലൈൻസ് മാറ്റം സർക്കാറിലേക്കെഴുതി അനുമതി വാങ്ങിത്തരണമെന്നും ഫിഷറീസ് സബ് ഇൻസ്പെക്ടർ No. Janakeeyasoothranam/2018തി.11.10.2018 കത്ത് മുഖേന നഗരസഭാ സെക്രട്ടറി,പ്രസിഡണ്ട് എന്നിവരോട് അപേക്ഷിച്ചിട്ടുണ്ട്. പ്രൊജക്ടിൽ കാണിച്ച സ്റ്റീൽ ഫർണ്ണീച്ചർ വുഡ് ഫർണീച്ചറിനേക്കാൾ അഭികാമ്യമാണെന്ന് ഫിഷറീസ് സബ് ഇൻസ്പെക്ടർ അറിയിച്ചിട്ടുള്ളതിനാൽ അപ്രകാരം ചെയ്യുന്നതിന് കൗൺസിൽ തീരുമാനിച്ചുവെന്ന് നഗരസഭാ കൗൺസിലിന്റെ 05/12/2018ലെ 7ാം നമ്പർ തീരുമാനത്തിൽ പറയുന്നു. ഗൈഡ് ലൈൻസ് മാറ്റം സർക്കാറിലേക്കെഴുതി അനുമതി വാങ്ങിയ രേഖകളൊന്നും ഫയലിൽ ഇല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (നം.15/ 28.02.2020)ലഭ്യമാക്കിയിട്ടില്ല.

തീരദേശ മേഖലയിൽ സ്റ്റീൽ ഫർണീച്ചറിനേക്കാൾ മര ഫർണീച്ചറിനാണ് കൂടുതൽ ഈട് ലഭിക്കുക, സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തത് മൂലം വിദ്യാർത്ഥികൾക്ക് അത്തരം ഫർണീച്ചറിലൂടെ ലഭിക്കുന്ന ഗുണം നഷ്ടമായിട്ടുണ്ട്. മെച്ചപ്പെട്ട ഗുണനിലവാരമുള്ള ഫർണീച്ചർ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അർഹതയുണ്ടായിട്ടും ഗുണനിലവാരം കുറഞ്ഞ ഫർണീച്ചർ വിതരണം ചെയ്തത് അഭികാമ്യമല്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള സേവനങ്ങൾ തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-28 മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റ്,ഡിങ്കി സബ്സിഡി അപാകതകൾ

പ്രൊജക്ട് നം.: SO 474/19 മത്സ്യത്തൊഴിലാളികൾക്ക് ഗിൽനെറ്റും ഡിങ്കിയും

( 2017-18 ലെ പ്രോജക്റ്റ് നം. : 200/18 )

അടങ്കൽ : 11,25,000/-

(തനത് ഫണ്ട്-5,62,500+ ഗുണഭോക്തൃ വിഹിതം 512500+ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവ് 50000)

<u>ചെലവ് വിവരം:</u>

| ചെക്ക് നമ്പർ,തിയതി | തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|
| SB/XY No.2673970/ 11.10.2018 | 4,00,000 | തനത് ഫണ്ട് | മലബാർ ഫൈബർ വർകസ്, പരപ്പനങ്ങാടിക്ക് 2,00,000/- രൂപയും മത്സ്യഫെഡ് വ്യാസസ്റ്റോറിന് 2,00,000/- രൂപയും നല്കി |
| SB/XY No. 2970515/ 20.03.2019 | 1,62,313 | തനത് ഫണ്ട് | മലബാർ ഫൈബർ വർക്സ്, പരപ്പനങ്ങാടിക്ക് 1,45,887/- രൂപയും GST ആയി 16,426/- രൂപയും നല്കി |
| No.269361/16.03.19 (PCOSB) | 5,00,000 | ഗുണഭോക്തൃവിഹിതം | മലബാർ ഫൈബർ വർക്സ്, പരപ്പനങ്ങാടിക്ക് 5,00,000/- രൂപ നല്കി |

പ്രൊജക്റ്റ് നിർവഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

**<u>1).ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കി</u>**

ബാധകമായ 2017-18ലെ സബ്സിഡി മാർഗ്ഗരേഖ (03.04.2017ലെ ജി.ഒ.(എം.എസ്)80/2017/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക നമ്പർ 8.4 (എ).1- 2 ഗിൽനെറ്റും ഡിങ്കിയും എന്നയിനത്തിന് നൽകാവുന്ന ഉയർന്ന സബ്സിഡി പരിധി 50ശതമാനമോ 22500/-രൂപയോ ഏതാണോ കുറവ് അത് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. നടപ്പിലാക്കിയ പ്രൊജക്റ്റ് പ്രകാരം ഓരോ ഗുണഭോക്താവിനും (ആകെ 25) 8000/-രൂപ വിലയുള്ള നെറ്റും 34492.50 രൂപ വിലയുള്ള ഡിങ്കിയുമാണ് ലഭ്യമാക്കിയിട്ടുള്ളത്. <u>ആകെ വില 42492.50രൂപ.</u>

പ്രസ്തുത മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിന് പ്രൊജക്റ്റിൽ 50%തനത് ഫണ്ടും 50%ഗുണഭോക്തൃ വിഹിതവുമാണ്.ഗുണഭോക്തൃ വിഹിതത്തിൽ ആകെ 50,000രൂപ ഗുണഭോക്താക്കൾ നേരിട്ട് (25x2000)ചെലവാക്കുന്നതായും വിഭാവനം ചെയ്തിട്ടുണ്ട്.തനത് ഫണ്ട് ചെലവിന് സമാനമായ ആകെ ഗുണഭോകതൃ വിഹിതം ചെലവിൽ (562313/-രൂപ) നേരിട്ടുള്ള ചെലവ് 50000രൂപ കുറച്ചുള്ള 512313രൂപ പിരിച്ചെടുക്കേണ്ടിയിരുന്നു.എന്നാൽ പിരിച്ചത് 5,00,000രൂപയാണ്. (ഗുണ.ഭോ.വിഹിതം പിരിച്ചത്. രശീതി ബുക്ക് നം.69. രശീതി 6801/01.01.2018മുതൽ6825 വരെ) കുറവ് 12,313രൂപ. ഗുണഭോക്തൃ വിഹിതം കുറവായി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**<u>2).കരാറുകാരന് മുൻകൂർ തുക അനുവദിച്ചത് ക്രമവിരുദ്ധം</u>**

Janakeeyasoothranam/2018 /15.09.2018 നം. കത്ത് പ്രകാരം മലബാർ ഫൈബർ വർക്സ് പരപ്പനങ്ങാടിക്ക് ഡിങ്കി നിർമിച്ച് നൽകുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. കത്തിലെ തിയ്യതി മുതൽ ഒരു

മാസത്തിനകം ഗുണഭോക്താക്കൾക്ക് ഡിങ്കി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിതരണം നടത്തിയത് 21.01.2019തിയ്യതിയിലെ ബില്ലുകൾ പ്രകാരമാണ്.

സാമ്പത്തിക ബുദ്ധിമുട്ട് കാരണം 25% ഫണ്ട് അനുവദിച്ചു നൽകുന്നതിന് 24.09.2018 തിയ്യതിയിൽ ശ്രീ.ബിനു.(പ്രൊപ്രൈറ്റർ.മലബാർഫൈബർ വർക്ക് പരപ്പനങ്ങാടി) അപേക്ഷിക്കുകയും No. Janakeeyasoothranam/2018 /24.09.2018 കത്ത് പ്രകാരം മുൻകൂർ അനുവദിക്കുന്നതിന് ഫിഷറീസ് സബ് ഇൻസ്പെക്ടർ നഗരസഭാ സെക്രട്ടറിക്ക് ശിപാർശ നൽകുകയും ചെയ്തു കാണുന്നു. 04.10.2018ന് 2,00,000 ലക്ഷം രൂപയുടെ ചെക്ക് അനുവദിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷിക്കുകയും SB/XY No.2673970/11.10.2018 ചെക്ക് പ്രകാരം തുക മലബാർ ഫൈബർ വർക്സിന് നൽകുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സബ് ഇൻസ്പെക്ടറുമായി ചമച്ച കരാറിൽ മുൻകൂർ അനുവദിക്കുന്നത് സംബന്ധിച്ച് നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല. (കരാർ ചമച്ച തീയതി രേഖപ്പെടുത്തുകയോ തീയതി വെച്ച് ഒപ്പിടുകയോ ചെയ്തിട്ടില്ല, സാക്ഷികളുടെ പേരു വിവരം രേഖപ്പെടുത്തിയിട്ടില്ല.1000/-രൂപയുടെ മുദ്രപത്രം വെണ്ടറിൽ നിന്നും വാങ്ങിയത് 7342/7.9.18 പ്രകാരമാണ്.). Janakeeyasoothranam/2018 /19.03.2018 നമ്പർ സപ്ലൈ ഓർഡർ കരാറിന്റെ ഭാഗമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സപ്ലൈ ഓർഡർ പ്രകാരമുള്ള വസ്തു/സേവനം ലഭ്യമാക്കുന്നതിനു മുമ്പ് മലബാർ ഫൈബർ വർക്സ് പരപ്പനങ്ങാടി പോലെയുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് വില (ഭാഗികമായോ പൂർണ്ണമായോ) മുൻകൂർ നൽകുന്നതിന് അനുമതി നൽകുന്ന സർക്കാർ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല.

ക്രമ വിരുദ്ധമായി മുൻകൂർ നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/27.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ കുറവ്

പ്രോജക്ട് നം.: SO 043/19 അടങ്കൽ : 17,60,000/- (വികസന ഫണ്ട്.)

ബിൽ നം. : 03/18-19 തീയതി: 15.10.2018 : തുക: 13,80,000/-

ബിൽ നം. : 04/18-19 തീയതി: 29.01.2019 : തുക: 3,30,000/-

ബിൽ നം. : 08/18-19 തീയതി: 23.03.2019 : തുക: 24,000/-

ബിൽ നം. : 09/18-19 തീയതി: 23.03.2019 : തുക: 12,000/-

ആകെ -- 17,46,000/-

നിർവ്വഹണം: ഹെഡ് മിസ്ട്രസ്സ്

02.02.2018ലെ ജി.ഒ.(എം.എസ്)17/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 5.2പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. സബ്സിഡി മാർഗ്ഗരേഖ (14.02.2018ലെ ജി.ഒ.(എം.എസ്)22/2018/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്) ഖണ്ഡിക നമ്പർ 7.1.6പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകിയിട്ടുണ്ട്.സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾ താഴെ കൊടുക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | സ്റ്റാന്റേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത(പ്രതിമാസ സ്കോളർഷിപ്പിനു പുറമെ) |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 1000 | 1250 | 1000 |

| | | | | |
|---|---|---|---|---|
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാ ബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 1500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | 1000 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/ പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയ്ക്കും അർഹതയുണ്ട്.

ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. സർക്കാർ ഉത്തരവിലൂടെ നൽകാൻ നിർദ്ദേശിച്ച നിരക്കിൽ നിന്നും കുറവാണ് മുനിസിപ്പാലിറ്റി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം വിതരണം ചെയ്ത സ്കോളർഷിപ്പ് തുക.

1.ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | അർഹതയുള്ള തുക | വിതരണം ചെയ്ത തുക | വ്യത്യാസം | റിമാർക്ക് |
|---|---|---|---|---|---|
| 1-4/ നഴ്സറി ക്ലാസ്സ് | 07 | [(400x12)+500]x7 =37,100 | [(400x12)]x7 =33,600 | 3,500 | ചലന വൈകല്യമുള്ളവർക്കുള്ള യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |
| 5-8 | 15 | [(500x12)+600] x15 = 99,000 | [(500x12)] x15 =90,000 | 9,000 | |
| 9-12 | 07 | [(600x12)+800] x07 = 56,000 | [(600x12)] x07 =50,400 | 5,600 | |
| ആകെ | 29 | **1,92,100** | **1,74,000** | **18,100** | |

2.മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയത്

| കുട്ടികളുടെ | അർഹതയുള്ള | വിതരണം | വ്യത്യാസം | റിമാർക്ക് |
|---|---|---|---|---|

| എണ്ണം | തുക | ചെയ്ത തുക | | |
|---|---|---|---|---|
| 131 | (131x27500) = 36,02,500 | (131x12000) = 15,72,000 | **20,30,500** | ഉല്ലാസയാത്ര/ പഠന യാത്രാ ബത്ത പരിഗണിച്ചിട്ടില്ല |

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിനാൽ ശാരീരിക , മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ആകെ 20,48,600 (18,100+20,30,500) രൂപയുടെ സ്കോളർഷിപ്പ്, ബത്ത എന്നിവ തൻവർഷം നഷ്ടപ്പെട്ടിട്ടുണ്ട്.

സർക്കാർ ഉത്തരവിലെ നിശ്ചിത നിരക്ക് പ്രകാരം സ്കോളർഷിപ്പും ബത്തയും നൽകാത്തത് ഉചിതമല്ല.തുടർ വർഷങ്ങളിൽ നിശ്ചിത നിരക്കിൽ സ്കോളർഷിപ്പും ബത്തയും നല്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-30 ചാലിത്തറ അംഗൻവാടി തൊഴിൽ പരിശീലന കേന്ദ്രം നാളിതുവരേയും പ്രവർത്തനമാരംഭിച്ചില്ല

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി, ചാലിത്തറ അംഗൻവാടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 2017-18 ൽ വനിത ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 187/18 നമ്പറായി പ്രോജക്ട് തയ്യാറാക്കി. പിന്നീട് സ്പിൽ ഓവറായി, വികസന ഫണ്ടിൽ (ധനകാര്യ കമ്മീഷൻ അവാർഡ്) നിന്ന് 451775 രൂപ വകയിരുത്തി SO 372/19 നമ്പർ പ്രോജക്ട് നടപ്പിലാക്കി. അംഗൻവാടി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു ഒറ്റമുറി നിർമ്മിച്ച് കോൺക്രീറ്റ് മേൽക്കൂര പണിയുകയും ഉരുക്ക് കോണി സ്ഥാപിക്കുകയും ചെയ്തു. 16.01.2018 ന് ആരംഭിച്ച പ്രവൃത്തി 27.04.2018 നാണ് പൂർത്തീകരിച്ചത്. 442413 രൂപയാണ് ഇതിന് ചെലവഴിച്ചത്.(ട്രഷറി ബിൽ തിയതി: 17.12.2018)

തുടർന്ന് 2018-19 ൽ, വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്ന് 300000 രൂപ വകയിരുത്തി SO 109/19 നമ്പർ ആയി ചാലിത്തറ അംഗൻവാടി തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരണം എന്ന പ്രോജക്ട് കൂടി നടപ്പിലാക്കി. കെട്ടിടത്തിൽ സിമെന്റ് തേപ്പ്, വാതിലും ജനലുകളും വയ്ക്കൽ,സിറാമിക് ടൈൽ ഫ്ലോറിംഗ്,പെയിന്റിംഗ്, ട്രസ്സ് വർക്ക്, ജി.ഐ ഷീറ്റിടൽ എന്നീ പ്രവൃത്തികളാണ് ഈ പ്രോജക്ടിൽ ചെയ്തത്. പ്രവൃത്തി 22.01.2019 ന് ആരംഭിച്ച് 05.03.2019 ന് പൂർത്തീകരിച്ചു. 239001 രൂപയാണ് ഇതിന് ചെലവഴിച്ചത്. (ട്രഷറി ബിൽ തിയതി: 16.03.2019)

രണ്ടു പ്രോജക്ടുകളിലുമായി ആകെ 681414 രൂപ ചെലവഴിച്ചുവെങ്കിലും ഈ കെട്ടിടത്തിൽ യാതൊരു വിധ തൊഴിൽ പരിശീലന കേന്ദ്രവും നാളിതുവരേയും ആരംഭിച്ചിട്ടില്ല. പൂർത്തീകരണ പ്രോജക്ടിലും കെട്ടിടം വൈദ്യുതീകരിക്കാൻ തുക ഉൾപ്പെടുത്തിയിരുന്നില്ല. ആയതിനാൽ കെട്ടിടം ഇപ്പോഴും വൈദ്യുതീകരിച്ചിട്ടില്ല.

ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം ഈ കെട്ടിടം നേരിൽ പരിശോധിച്ചു. തറയാകെ പൊടി പിടിച്ച് കിടക്കുകയാണ്. വാതിലിന് ഒരു പൂട്ടു പോലും ഇടാത്തതിനാൽ ആർക്കും എപ്പോഴും കയറിച്ചെല്ലാവുന്ന അവസ്ഥയാണുള്ളത്.

തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കാൻ 2019-20 ൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/28.02.2020) മറുപടിയായി, കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. ഈ വിഷയത്തിൽ സമയോചിത തുടർനടപടികൾ സ്വീകരിച്ച്, തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തനമാരംഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവഴിച്ച 681414 രൂപ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് കുറവു ചെയ്തില്ല

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമം (സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

2018-19 ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഇപ്രകാരം നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതമായി കുറവു ചെയ്ത തുകയുടെ 1% കളക്ഷൻ ചാർജ് കുറവ് വരുത്തി നഗരസഭ ഫണ്ടിൽ വരവ് വെച്ചിട്ടില്ല. കാഷ് ബുക്ക് പ്രകാരം, 256159 രൂപ വിവിധ പ്രവൃത്തികളിൽ നിന്ന് ക്ഷേമനിധി വിഹിതമായി കുറവു ചെയ്ത് ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ഇതിന്റെ 1% ആയ 2562 രൂപ ബോർഡിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 പൊതു മരാമത്ത് പ്രവൃത്തികൾ - ഒരു അവലോകനം

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 338 പ്രോജക്ടുകൾ തയ്യാറാക്കിയതിൽ 156 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. വിഭാവനം ചെയ്ത പ്രോജക്ടുകളുടെ 46 % നടപ്പിലാക്കി. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 148 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. അവയിൽ 57 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പ്രോജക്ടുകൾ | 338 | ആകെ അടങ്കൽ | 94076856 |
| നടപ്പിലാക്കിയത് | 156 | ചെലവ് | 26473093 |
| ശതമാനം | 46 | ചെലവ് ശതമാനം | 28.14 |

നഗരസഭയിൽ ഒരു മുനിസിപ്പൽ എഞ്ചിനീയറുടേയും 7ഓവർസിയറുടേയും ഒരു ക്ലാർക്കിന്റേയുമടക്കം ആകെ 9 തസ്തികകളാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. ഇതിൽ 3 ഓവർസിയർ തസ്തിക 2018-19 ൽ ഒഴിഞ്ഞുകിടക്കുകയായിരുന്നു. നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയുടെ 40% മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പ്രോജക്ടുകളാണ്. ഈ പ്രോജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കൽ, പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കൽ, അളവ് പുസ്തകം, ബില്ല് എന്നിവ എഴുതൽ തുടങ്ങിയവയെല്ലാം ചെയ്യേണ്ടത് എഞ്ചിനീയറിംഗ് വിഭാഗമാണ്. കൂടാതെ നഗരസഭയിലെ 45 വാർഡുകളിലെയും കെട്ടിടനമ്പറിങ്ങുമായി ബന്ധപ്പെട്ടും വളരെയധികം ജോലികൾ എഞ്ചിനീയറിങ് വിഭാഗത്തിന് വരുന്നുണ്ട്. ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും, പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഗുണമേന്മ ഉറപ്പ് വരുത്തി ചെയ്യുന്നതിനും തടസ്സമാകുന്നുണ്ട്.

നഗരസഭയെ മൊത്തം ഒരു യൂണിറ്റായി കണ്ട് പ്രോജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

**<u>റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല</u>**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ

തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 21.08.19 മുതൽ 22.08.2019 വരെ | കെഎസ്എഎംപിഎം 25/1895/2019 തി. 24.08.19 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കലും പദ്ധതി നവീകരണവും 469/19 | 44/13.03.19 | 86,000 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല |
| KWA | കൊടപ്പാളി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ 73/19 | 46/18.03.19 | 1,00,000 | -ടി- | -ടി- |
| KWA | ഉള്ളണം കുടിവെള്ള പദ്ധതി സർവെ 452/19 | 42/31.12.18 | 70,000 | -ടി- | |
| കെ.എസ് ഇ .ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ, മീറ്റർ സ്ഥാപിക്കൽ 269/19 | 72/15.03.19 | 10,00,000 | -ടി- | -ടി- |
| കെ എസ് ഇ ബി | നഗരസഭയിൽ വാർഡുകളിൽ ഇലക്ട്രിക് ലൈൻ വലിക്കലും പോസ്റ്റ് മാറ്റലും(2nd phase) 285/19 | 40/31.12.2018 | 1,44,651 | -ടി- | -ടി- |

### 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-4 മൊബിലേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

### 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി | തൻവർഷം ലഭിച്ചത് | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | തണൽ ഭവന പദ്ധതി | 80284/ ഡി.ബി1/13/ തസ്വഭവ/01.02.14 | 1,35,00,000 | 75,68,823 | 50,00,000 | 29,51,457 | 6,43,291 | 96,17,366 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 37,000 |
| തനവർഷ നിക്ഷേപം | ഇല്ല |
| ആകെ | 37,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 37,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | | തുക |
|---|---|---|
| മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ 100 രൂപയുടെ 100 ഓഹരികൾ, Share Cerrtificate No.1431, തീയതി: 27-7-1977 | | 10,000 |
| Malabar Co-Op.Textilesന്റെ 5000 രൂപയുടെ 5 ഓഹരികൾ, Share Certificate No.484, തീയതി:20-5-1998 | | 25,000 |
| Promisory Notes | No.MS 017824,തീ:6-2-1968 | 500 |
| | “ -001023, തീ:21-9-1971 | 500 |
| | “007529, 11-11-1968 | 100 |
| | “007530, “ | 100 |
| | “007531, “ | 100 |
| | “008182, “ | 100 |
| | “008183, “ | 100 |
| | “008184, “ | 100 |
| | “008485, “ | 100 |
| | “008333, “ | 100 |
| | “008334, “ | 100 |
| | “008335, “ | 100 |
| ആകെ | | 37,000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ/നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2002 പ്ലാൻ | 10 | 2004-05 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത | നിയമസഭാ സമിതയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| 1999-2002 പ്ലാൻ | | | | 1521369 രൂപയുടെ വിവരങ്ങൾ ഇല്ല | |
| | 24 | | | കൃഷി യന്ത്രങ്ങളുടെ ഉപയോഗ വിവരം ഇല്ല – തുക 779178/- രൂപ | |
| | 14 | | | പരപ്പനങ്ങാടി സഹകരണ സംഘങ്ങൾക്ക് തുക നൽകി-150000/-രൂപ | |
| 2013-14, 2014-15 | 3(2) | 2016-17 | ലഭ്യമല്ല | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2(3) | 2010-11 | ലഭ്യമല്ല | 1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക 299645 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | A5-8872 തിയ്യതി 17-08-2013 കത്ത് പ്രകാരം തുക അടവാക്കുന്നതിനോ, മറുപടി സമർപ്പിക്കുന്നതിനോ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2010-11 | 3-10 | 2013-14 | 10 | ലഘു അവലോകനം-പൊതുമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജുകളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1998-99 | 29 | ജോണികുട്ടി | LF 1185/spl.cell/SC5/04.dt.19.08.04 (ചാർജ്) | 5324 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 1999-02 | 13(എ)pt. | ജോർജ്ജുട്ടി.ടി | LF 7025/spl.cell/SC5/05.dt.25.05.06 | 10000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 2 | 1999-02 | 13(എ)pt. | എൻ സദാനന്ദൻ | LF 7025/spl.cell/SC5/05.dt.25.05.06 | 5000 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |
| 3 | 1996-97 | 40 | വി രാധാകൃഷ്ണൻ | LF 22503/spl.cell/SC3/99.dt.24.07.01 | 35532 | തുക ഈടാക്കി |
| 4 | 1998-99 | 30<br>35 | ജോണികുട്ടി | LF 1185/spl.cell/SC5/04.dt.19.08.04 | 33444 | തുക അടവാക്കാൻ അവശേഷിയ്ക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 23,45,53,127.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,74,83,527.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,59,441 |

(ബി). **നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | -- | | |
| **ആകെ** | -- | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1,86,000 | ശ്രീ. വിശ്വനാഥൻ, സെക്രട്ടറി |
| | 2,14,651 | ശ്രീ. നസ്രീൻ എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| | 10,00,000 | ശ്രീ ഹുമയൂൺ കബീർ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-22 | 13,790 | ശ്രീമതി ജെസ്സിമോൾ പി.വി, സൂപ്രണ്ട് (സെക്രട്ടറിയുടെ അധികചുമതല) |
| | 45,000 | ശ്രീ. വിശ്വനാഥൻ, സെക്രട്ടറി |
| **ആകെ** | 14,59,441 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

1-21: IT: 11,757, WF: 5,879

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ എഫ് എം . 11/914/2001 തി.05.10.2010 | 17 |
| 1998-99 | എൽ എഫ് എം.11/913/2001 തി.06.10.2010 | 7 |
| 1999-00 2000-01 (പ്ലാന്റ് ഫണ്ട് മാത്രം) | എൽ എഫ് എം.14/876/2004 തി.06.10.2010 | 6 |
| 1999-00 00-01 (പ്ലാന്റ് ഫണ്ട് ഒഴികെ ) | എൽ എഫ് എം.17/244/2006 തി.06.10.2010 | 24 |
| 2000-01 | എൽ എഫ് എം. 17/245/06 തി.06.10.10 | 14 |
| 2001-02 | എൽ എഫ് എം .17/829/09തി.06.10.2010 | 20 |
| 2002-03 | എൽ എഫ് എം .17/830/19 തി.06.10.2010 | 10 |
| 2003-04 | എൽ എഫ്എം.17/831/19 തി.06.10.2010 | 18 |
| 2004 -05 | എൽ എഫ്എം.17/832/19 തി.06.10.2010 | 20 |
| 2007-08 -2009-10 | എൽ എഫ്എം 15/132/12തി.19.02.2013 | 29 |
| 2010-11 | എൽ എഫ്എം 15/28/14 | 12 |
| 2011-12 2012-13 | എൽ എഫ്എം 15/1271/15 തി.03.06.15 | 20 |
| 2013-14 2014-15 | കെ എസ് എ -എം പി എം 15/2431/14 തി.20.11.15 | 21 |
| 2015-16 | കെ എസ് എ -എം പി എം 25/301/17 തി.18.01.18 | 15 |
| 2016-17 | കെ എസ് എ -എം പി എം 25/2438/17 തി.02.05.18 | 11 |
| 2017-18 | കെ.എസ്.എ എം.പി.എം25/585/19 തിയതി 10.05.2019 | 38 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## I അനുബന്ധം: ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ എം.പി.എം 25/1895/2019 തിയതി 24.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ

(സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പരപ്പനങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ പരപ്പനങ്ങാടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനീയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം**